ഓപ്പറേറ്റർ തസ്തിക നിയമനം

124 [5393] ശ്രീ. ലൂഡി ലൂയിസ്:
„ എം. മുരളി:
„ എം. കെ. പോൾസൺ മാസ്റ്റർ:
„ പ്രയാർ ഗോപാലകൃഷ്ണൻ:

ശ്രീമതി മേഴ്സി രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ വാട്ടർ അതോറിറ്റിക്ക് എത്ര ഡിവിഷനുകളുണ്ട്;

(ബി) ഈ ഓരോ ഡിവിഷനിലും ഓപ്പറേറ്റർ തസ്തികയിൽ എത്ര സ്ഥിരം ഒഴിവുകളുണ്ട്; ഈ ഒഴിവുകളിൽ ഇപ്പോൾ നിയമനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതുവിധത്തിൽ; പി. എസ്. സി.-യുടെ റാങ്ക് ലിസ്റ്റ് നിലവിലിരിക്കേ ഈ ഒഴിവുകൾ പി. എസ്. സി.-യ്ക്ക് റിപ്പോർട്ട് ചെയ്ത് പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്താത്തതെന്തുകൊണ്ടെന്ന് പറയുമോ?

ഉത്തരം

(എ) കേരളാ വാട്ടർ അതോറിറ്റിക്ക് 45 ഡിവിഷനുകളുണ്ട്.

(ബി) കേരള വാട്ടർ അതോറിറ്റിയിൽ ഓപ്പറേറ്റർ തസ്തികയിൽ 524 സ്ഥിരം ഒഴിവുകൾ ഇതുവരെയായി കണക്കാക്കിയിട്ടുണ്ട്. ഡിവിഷൻ തലത്തിലുള്ള ഒഴിവുകൾ കണക്കാക്കി വരുന്നു. ഈ ഒഴിവുകളിൽ 100 എണ്ണം പി. എസ്. സി.-ക്ക് അറിയിച്ചിട്ടുണ്ട്. അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്. മൊത്തം ഒഴിവുകൾ തിട്ടപ്പെടുത്തിയതിനുശേഷം മേൽനടപടികൾ സ്വീകരിക്കുന്നതാണ്.

പട്ടികജാതി-പട്ടികവർഗ്ഗവിഭാഗങ്ങൾക്കായുള്ള ഭവന നിർമ്മാണ പദ്ധതി

125 [5433] ശ്രീ. കെ. പി. രാജേന്ദ്രൻ:
„ പി. നാരായണൻ:
„ എം. കുമാരൻ:
„ എൻ. രാജൻ:
„ പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നടപ്പിലാക്കി വരുന്ന ഭവന നിർമ്മാണ പദ്ധതികൾ ഏതു ഏജൻസി വഴിയാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) 2001-2002, 2002-2003 വർഷം ഭവനനിർമ്മാണത്തിനായി എസ്. സി./എസ്. ടി. വകുപ്പ് എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) 2003-2004 വർഷത്തിൽ ഭവനനിർമ്മാണത്തിനായി നീക്കിവച്ചിട്ടുള്ള സംഖ്യ എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ പദ്ധതിപ്രകാരം എത്ര രൂപയാണ് ഒരു വീടിന് നൽകുന്നതെന്ന് വിശദമാക്കാമോ; ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ഇ) കഴിഞ്ഞ രണ്ടുവർഷത്തിനിടയിൽ എത്ര പേരെ ഈ പദ്ധതിയിലേക്ക് തെരഞ്ഞെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(എഫ്) ഭവനനിർമ്മാണത്തിനായി കഴിഞ്ഞ രണ്ടുവർഷത്തിനിടയിൽ കേന്ദ്രത്തിൽനിന്ന് എത്ര തുക ലഭിച്ചുവെന്നും, എത്രയാണ് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) പട്ടികവർഗ്ഗക്കാർക്കായി നടപ്പിലാക്കിവരുന്ന ഭവന നിർമ്മാണ പദ്ധതികൾ പട്ടികവർഗ്ഗ വികസന വകുപ്പ് നേരിട്ടു നടപ്പിലാക്കിവരുന്നു. പട്ടികജാതി വികസന വകുപ്പിന്റെ ഭവന നിർമ്മാണ പദ്ധതി ഗുണഭോക്താക്കൾ സ്വയം വീട് നിർമ്മിക്കുകയാണ്.

(ബി) പട്ടികജാതി വികസന വകുപ്പിൽനിന്നും വിവരം ശേഖരിച്ചുവരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിനെ സംബന്ധിച്ച് താൽക്കാലിക കണക്കുപ്രകാരം 2001-2002 വർഷം 239.39 ലക്ഷം രൂപയും 2002-2003-ൽ 307.11 ലക്ഷം രൂപയും ചെലവഴിക്കുകയുണ്ടായി.

(സി) പട്ടികവർഗ്ഗ വികസന വകുപ്പിൽ ഈ പദ്ധതിക്കായി ഈ സാമ്പത്തിക വർഷം 211.68 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. എന്നാൽ പട്ടികജാതി വികസന വകുപ്പിൽ ഈ പദ്ധതിക്കായി തുകയൊന്നും നീക്കിവെച്ചിട്ടില്ല.

(ഡി) പട്ടികവർഗ്ഗ വികസന വകുപ്പ് 20-3-2003-ലെ ജി. ഒ.(ആർ‌ടി.)261/03 നമ്പർ സർക്കാർ ഉത്തരവുപ്രകാരം ഭവനനിർമ്മാണ ഗ്രാന്റായി 70,000 രൂപയും ദുർഘടപ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് 75,000 രൂപയും നൽകിവരുന്നു. ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തോടെ ഊരുകൂട്ടങ്ങൾ വഴി വീടില്ലാത്തവർക്ക് വീടു വയ്ക്കുവാൻ ഭൂമിയുള്ളവരുമായ പട്ടികവർഗ്ഗക്കാർക്ക് ഭവന നിർമ്മാണ ഗ്രാന്റ് അനുവദിക്കുന്നുണ്ട്.

പട്ടികജാതി വികസന വകുപ്പിൽ ഭവനനിമ്മാണത്തിനായി 70,000 രൂപ നൽകിവരുന്നു. ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത് നറുക്കെടുപ്പിലൂടെയാണ്. 23-1-2003 തീയതിയിലെ സർക്കാർ ഉത്തരവ് 67/2003/പജപവവിവ പ്രകാരം 50% ഗുണഭോക്താക്കളെ മുഴുവൻ അപേക്ഷകരിൽനിന്നും നറുക്കെടുപ്പ് വഴിയും 20% ഗുണഭോക്താക്കളെ വിധവകൾ, അംഗവൈകല്യമുള്ളവർ, പെൺകുട്ടികൾ കൂടുതലുള്ള കുടുംബങ്ങൾ, ഗുരുതരമായ രോഗമുള്ളവരും, അത്തരം രോഗികൾ സംരക്ഷണയിലുള്ളവർ എന്നിവരിൽനിന്നും,

LIBRARY ARCHIVES Kerala Legislative Assembly

ബാക്കി 30% പേരെ അർഹതയുള്ള അപേക്ഷകരിൽനിന്നുമാണ് തെരഞ്ഞെടുക്കുന്നത്. 10-2-2003-ലെ സർക്കാർ ഉത്തരവ് നമ്പർ 122/03/പജ.പവ.വിവ. പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ബ്ലോക്കിലെ ബന്ധപ്പെട്ട എം. എൽ. എ.-മാർ, ഗവൺമെന്റ് നോമിനേറ്റ് ചെയ്തിട്ടുള്ള അനൗദ്യോഗിക അംഗങ്ങൾ, സംസ്ഥാന പട്ടികജാതി ഉപദേശക സമിതിയിലെ അംഗങ്ങൾ എന്നിവർ ഉൾപ്പെട്ട കമ്മിറ്റിയാണ്. ഈ കമ്മിറ്റിയുടെ കൺവീനർ ജില്ലാ പട്ടികജാതി വികസന ആഫീസർ ആണ്.

(ഇ) പട്ടിക വർഗ്ഗ വികസന വകുപ്പ് 2001-2002 വർഷം 659 വീടുകൾ അനുവദിച്ചു. 2001-2002 വർഷം പഞ്ചായത്തുകൾക്ക് നൽകിയിട്ടുള്ള ഗ്രാന്റ്-ഇൻ-എയ്ഡ് 40 കോടി രൂപ തിരിച്ചെടുത്തു. വകുപ്പ് മുഖേന ചെലവഴിച്ചതിന്റെ ഭാഗമായി 2002-2003 വർഷം 3110 വീടുകൾ നിർമ്മിക്കുന്നതിനുള്ള ധനസഹായം നൽകിയിട്ടുണ്ട്.

പട്ടികജാതി വികസന വകുപ്പുമുഖാന്തിരം ഭവന നിർമ്മാണ പദ്ധതിയിലേക്ക് തെരഞ്ഞെടുത്തവരുടെ വിവരം ശേഖരിച്ചുവരുന്നു.

(എഫ്) ഈ പദ്ധതിക്കായി കേന്ദ്രത്തിൽനിന്നും സഹായമൊന്നും ലഭിച്ചിട്ടില്ല.

സർക്കാർ പ്രസ്സുകളിലെ രണ്ടാംഗ്രേഡ് ബൈന്റർ നിയമനം

126 [5453] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക- പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാർ പ്രസ്സുകളിൽ ഏതിലെങ്കിലും രണ്ടാംഗ്രേഡ് ബൈന്റർ തസ്തികയിലേക്ക് പി. എസ്. സി. ലിസ്റ്റിൽ നിന്നും നിയമനം നടത്തിയിരുന്നുവോ;

(ബി) സംസ്ഥാനത്താകെ രണ്ടാംഗ്രേഡ് ബൈന്റർമാരുടെ എത്ര ഒഴിവുകളുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) ഈ ഒഴിവുകളിലേക്ക് പി. എസ്. സി. ലിസ്റ്റിൽനിന്നും നിയമിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ) നടത്തിയിരുന്നു.

(ബി) സംസ്ഥാനത്ത് രണ്ടാംഗ്രേഡ് ബൈന്റർമാരുടെ 37 ഒഴിവുകളുണ്ട്.

(സി) പുനർവിന്യാസം വഴിയും പി. എസ്. സി. മുഖേനയുമായി പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly